നെന്മാറ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

200 (5553) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അംഗൻവാടികളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭിക്കുന്നതിനായി വകുപ്പുതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത 44 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി റവന്യൂ, ഫോറസ്റ്റ്, ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ഭിക്ഷാടന നിരോധനം

201 (5554) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരപാതയോരങ്ങളിലും, റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും കൈക്കുഞ്ഞുമായുള്ള സ്ത്രീകളുടെ ഭിക്ഷാടനവും ബാലഭിക്ഷാടനവും വർദ്ധിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭിക്ഷാടനം നടത്തുന്ന തെരുവ് സ്ത്രീകളുടെ കൈകളിലുള്ള കുട്ടികളെ മയക്കി കിടത്തുന്നതിന് ലഹരി വസ്തുക്കൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഭിക്ഷാടനം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly